# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 523** **26.04.2017-ൽ മറുപടിക്ക്**

**കെ.എസ്.ഇ.ബിയുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി-ക്ക് എത്ര ഏക്കർ ഭൂമിയുണ്ടെന്ന കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ ഈ വസ്തുക്കൾ എവിടെയെന്ന് ജില്ല തിരിച്ച് വിസ്തീർണ്ണം സഹിതം വിശദമാക്കുമോ; | (എ) | ഉൽപാദന പദ്ധതികളുടെ ഭാഗമായും പ്രസരണ സബ്സ്റ്റേഷനുകളുടെയും വിവിധ ഓഫീസ് സംവിധാനങ്ങളുടെയും ഭാഗമായും ഏകദേശം 50,000 ഏക്കറോളം ഭൂമി കെ. എസ്. ഇ. ബി യുടെ ഉടമസ്ഥതയിലുണ്ട്. വനം വകുപ്പ് അടക്കമുള്ള വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലീസ് അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള 24000 ഏക്കറോളം ഭൂമിയും കെ. എസ്. ഇ. ബി ലിമിറ്റഡിന്റെ കൈവശമുണ്ട്. ഇതു സംബന്ധിച്ച കണക്കുകൾ പരിശോധിച്ച് കേന്ദ്രീകൃതമായി രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള പൂർണ്ണ വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബിയുടെ ഭൂമി അന്യാധീനപ്പെട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇടുക്കി ജില്ലയിൽ 7.67 ഏക്കർ ഭൂമി കൈയേറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ വിവിധ പദ്ധതി പ്രദേശങ്ങളിലായി ആയിരത്തി ഇരുന്നൂറോളം കൈയേറ്റങ്ങൾ നടന്നിട്ടുണ്ട്. കൈയേറിയ സ്ഥലങ്ങളുടെ അതിരുകൾ തിട്ടപ്പെടുത്തുന്ന തിനുള്ള സർവ്വേ നടത്തുന്നതിനായി റവന്യൂ വകുപ്പിൽ പണം ഒടുക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ 25.44 ഏക്കറും, എറണാകുളം ജില്ലയിൽ ഏകദേശം 5 ഏക്കർ ഭൂമിയിലും കൈയേറ്റം നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കൂടുതൽ വിവരങ്ങൾ തയ്യാറാക്കുന്നുണ്ട്. |
| (സി) | കെ.എസ്.ഇ.ബി യുടെ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ, പോലീസ് ഉദ്യോഗസ്ഥരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**